**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 294** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ യെല്ലോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽ നിന്നും നിലവിൽ പിഴ ഈടാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുൻഗണനാ വിഭാഗത്തിലെ അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിന്റെ ഭാഗമായി, സ്വയം ഒഴിവാകൽ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി അനർഹമായ മുൻഗണനാ റേഷൻകാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് കാർഡുടമകൾക്ക് 2021 ജൂൺ 16 മുതൽ 2021 ജൂലൈ 15 വരെ സമയം അനുവദിച്ചിരുന്നു. തുടർന്ന് 31.03.2022 വരെ അനർഹമായ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തവരെ പിഴയിൽ നിന്ന് ഒഴിവാക്കിയിരുന്നു.<br><br>ടി കാലയളവിനു ശേഷം ഫീൽഡ് പരിശോധനയിലൂടെയോ പരാതിയുടെ അടിസ്ഥാനത്തിലോ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചതായി കണ്ടെത്തിയവരിൽ നിന്നും, അനർഹമായ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തവരിൽ നിന്നും കെ.ടി.പി.ഡി.എസ് (കൺട്രോൾ ഓർഡർ), 2021 ന്റെ ഖണ്ഡിക 11 അനുശാസിക്കും പ്രകാരം ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴയായി ഈടാക്കി വരുന്നു. |
| (ബി) | ഓപ്പറേഷൻ യെല്ലോ പദ്ധതി പ്രകാരം ഇതുവരെ എത്ര കാർഡുകളാണ് സറണ്ടർ ചെയ്തിട്ടുള്ളത്; താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി റേഷൻകാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ പരിശോധനാ പരിപാടി 2022 സെപ്റ്റംബർ മുതൽ ഡിസംബർ വരെ നടത്തിയിരുന്നു. ഓപ്പറേഷൻ യെല്ലോ പദ്ധതി പ്രകാരം അനർഹരെന്ന് കണ്ടെത്തി നടപടി കൈക്കൊണ്ടിട്ടുള്ള കാർഡുകളുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷരാണ് നിലവിലുള്ളത്; വിശദമാക്കാമോ? | (സി) | ഓൺലൈൻ മുഖാന്തിരം നിലവിൽ ലഭ്യമായ അപേക്ഷകളിൽ അർഹരായവർക്കെല്ലാം മുൻഗണനാ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| OPERATION YELLOW - CONSOLIDATED MONTHLY STATEMENT FROM SEPTEMBER TO DECEMBER 2022 | | | | | |
|---|---|---|---|---|---|
| Sl.No | District | AAY | PHH | NPS | TOTAL |
| 1 | Thiruvananthapuram | 174 | **598** | 285 | **1057** |
| 2 | Kollam | 75 | 389 | 187 | **651** |
| 3 | Pathanamthitta | 95 | 289 | 82 | **466** |
| 4 | Alappuzha | 121 | 488 | 127 | **736** |
| 5 | Kottayam | 120 | 380 | 191 | **691** |
| 6 | Idukki | 69 | 258 | 30 | **357** |
| 7 | Ernakulam | 193 | 1346 | 611 | **2150** |
| 8 | Thrissur | 189 | 1394 | 763 | **2346** |
| 9 | Palakkad | 76 | 649 | 318 | **1043** |
| 10 | Kozhikode | 274 | 1272 | 625 | **2171** |
| 11 | Malappuram | 156 | 1656 | 810 | **2622** |
| 12 | Wayanad | 153 | 615 | 220 | **988** |
| 13 | Kannur | 152 | 921 | 593 | 1666 |
| 14 | Kasargod | 84 | 405 | 163 | **652** |
| | TOTAL | **1931** | **10660** | **5005** | **17596** |

സെക്ഷൻ ഓഫീസർ